**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 736** — **17-09-2025 - ൽ മറുപടിയ്ക്ക്**

**സോളാർ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വീടുകളിലും സ്ഥാപനങ്ങളിലും സൗരോർജം ഉല്പാദിപ്പിക്കുന്നതിന് നടപ്പിലാക്കിയ പുരപ്പുറ സോളാർ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിൽ നിന്നും പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് 1kW-നു 30,000/- രൂപ, 2kW-നു 60,000/- രൂപ, 3kW-നു 78,000/- രൂപ എന്ന നിരക്കിൽ സബ്സിഡി അനുവദിക്കുന്നു. സൗരോർജ്ജ പ്ലാന്റിൽ നിന്നും ഉത്പാദിപ്പിച്ച് ആവശ്യത്തിന് ശേഷം ബാങ്ക് ചെയ്യുന്ന വൈദ്യുതിക്ക് 2024-25 സാമ്പത്തിക വർഷം യൂണിറ്റിന് 3.26 രൂപ നിരക്കിൽ ഉപഭോക്താവിന് തിരികെ നൽകുന്നു. നെറ്റ് മീറ്ററിംഗ് സംവിധാനം ഉപയോഗിച്ച് സൗരോർജ്ജ പ്ലാന്റിൽ നിന്നും ഗ്രിഡിലേക്കു കൊടുക്കുന്ന വൈദ്യുതി, രാത്രി കാലങ്ങളിൽ വൈദ്യുതിക്ക് വില കൂടിയ സമയത്തു തിരികെ ഉപയോഗിക്കാൻ കഴിയുന്നു. കൂടാതെ സൗരോർജ്ജ പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉടമസ്ഥതയിലുള്ള മറ്റു കെട്ടിടങ്ങളിലേക്കു വീൽ ചെയ്തു ഉപയോഗിക്കുവാൻ കഴിയുന്നു.<br><br>പൊതു ജനങ്ങൾക്കിടയിൽ സൗരോർജ്ജ വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് പുരപ്പുറ സോളാർ പദ്ധതി പ്രകാരം അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>സർക്കാർ/ പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവർത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.<br><br>ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.<br><br>സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL/പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.<br><br>സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.<br><br>പച്ചക്കറികൾ / പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.<br><br>പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി |

| | | | |
|---|---|---|---|
| | | | ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.<br><br>വിദൂര ആദിവാസി കോളനികളിൽ സോളാർ പവർ പ്ലാന്റുകൾ/ വിൻഡ് /സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. |
| (ബി) | പുരപ്പുറ സോളാർ പദ്ധതി മുഖേന ഓൺ ഗ്രിഡ് ആയി കണക്ഷൻ എടുത്തവരുടെ നിലവിലെ ബില്ലിംഗ് രീതി എങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ; ആയത് മാറ്റി പ്രസ്തുത പദ്ധതിയിൽ ചേർന്നവർക്ക് ഒരു പ്രയോജനവും ലഭിക്കാത്ത ഗ്രോസ്സ് ബില്ലിംഗ് സംവിധാനം നടപ്പിലാക്കാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ സോളാർ പ്രോസ്യൂമർമാർക്ക് നെറ്റ് മീറ്ററിംഗ് സംവിധാനമാണ് നിലവിലുള്ളത്. ഇതിൽ പകൽ സമയത്ത് ഉത്പാദിപ്പിച്ച് ഗ്രിഡിലേക്കു നൽകുന്ന വൈദ്യുതിയ്ക്ക് തുല്യമായ വൈദ്യുതി, നോൺ സോളാർ സമയങ്ങളായ വൈകുന്നേരവും, രാത്രിയിലും സൗജന്യമായി നൽകുന്ന രീതിയാണ് നെറ്റ് മീറ്ററിംഗിൽ ഉള്ളത്.<br><br>ഗ്രോസ് മീറ്ററിംഗ് സമ്പ്രദായത്തിൽ പ്രോസ്യൂമർമാർ ഉത്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിക്കും താരതമ്യേന ഉയർന്ന തുക നൽകി കെ.എസ്.ഇ.ബി.എൽ. വാങ്ങുന്ന രീതിയാണ് ഉള്ളത്. ഏതു ബില്ലിംഗ് സംവിധാനത്തിൽ പ്രോസ്യൂമർമാർ തുടരണമെന്ന് തീരുമാനിക്കുന്നത് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ആണ്. ഗ്രോസ് മീറ്ററിംഗ് നിർബന്ധപൂർവ്വമായി നടപ്പിലാക്കുന്ന ഒരു നിർദ്ദേശവും നിലവിൽ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കരട് റെഗുലേഷനിൽ ഉൾപ്പെട്ടിട്ടില്ല. |
| (സി) | കെ.എസ്.ഇ.ബി.-യുടെ ഇത്തരത്തിലുള്ള നടപടികൾ മൂലം ജനങ്ങൾ പാരമ്പര്യേതര ഊർജസ്രോതസ്സുകളെ പ്രത്യേകിച്ച് പുരപ്പുറ സോളാർ പദ്ധതിയെ ആശ്രയിക്കുന്നതിന് മുന്നോട്ട് വരില്ല എന്നതിനാൽ ഇത്തരം പ്രതിലോമകരമായ ശിപാർശകളും നടപടികളും പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ; | (സി) | കേരളത്തിൽ പ്രൊസ്യൂമർമാർക്ക് നെറ്റ് മീറ്ററിംഗ് ബില്ലിംഗ് സംവിധാനമാണ് നിലനിൽക്കുന്ന റെഗുലേഷൻ പ്രകാരം ബാധകമാകുന്നത്.<br><br>വൈദ്യുതി വില കുറഞ്ഞ പകൽ സമയത്ത് ആവശ്യത്തിൽ കൂടുതൽ സോളാർ പാനലുകൾ സ്ഥാപിച്ച് കൂടുതൽ വൈദ്യുതി ശൃംഖലയിലേക്ക് നൽകുകയും, തുടർന്ന് വില കൂടിയ പീക്ക് സമയത്ത് ഈ വൈദ്യുതി പ്രൊസ്യൂമർമാർ സൗജന്യമായി എടുക്കുകയും ചെയ്യുന്ന സംവിധാനമാണ് നെറ്റ് മീറ്ററിംഗ്.<br><br>ഗാർഹിക ഉപഭോക്താക്കൾ (LT) ഉത്പാദിപ്പിക്കുന്ന സൗരോർജ്ജത്തിന്റെ 70 ശതമാനത്തിലധികം അവർ സ്വയം ഉപയോഗിക്കാതെ പകൽ സമയം ഗ്രിഡിലേക്കാണ് കയറ്റി അയക്കുന്നത്. 2022-23-ൽ 309 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഗ്രിഡിലേക്ക് പകൽ സമയത്ത് നല്കിയപ്പോൾ, 2024-25 ആയപ്പോഴേക്കും ഇത് 877 ദശലക്ഷം യൂണിറ്റായി വർദ്ധിച്ചു. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ വൈദ്യുതി ഉപഭോഗം കൂടുതലായും രാത്രി സമയത്താണ്. പ്രോസ്യൂമർമാർ (Prosumers) പകൽ സമയം നല്കുന്ന അധിക വൈദ്യുതിയുടെ സിംഹഭാഗവും കെ.എസ്.ഇ. ബി.എൽ. രാത്രി സമയത്ത് കമ്പോളത്തിൽ നിന്നും ഉയർന്ന വിലക്ക് വാങ്ങി സൗജന്യമായി മടക്കി നൽകേണ്ട സാഹചര്യം ആണ് നിലവിൽ ഉള്ളത്.<br><br>ഇത്, കെ. എസ്. ഇ. ബി. എൽ. - ന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നുണ്ട്. ഈ അധിക സാമ്പത്തിക ബാധ്യത സോളാർ ഇതര ഉപഭോക്താക്കൾ വഹിക്കേണ്ടതായി വരുന്നു. കൂടാതെ അനിയന്ത്രിതമായി സോളാർ വൈദ്യുതി ശൃംഖലയിലേക്ക് പകൽസമയം വരുന്നത് ഗ്രിഡിന്റെ സുരക്ഷിതത്വത്തെയും ബാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇത് പരിഹരിച്ചാൽ മാത്രമേ ചെലവ് കുറഞ്ഞ രീതിയിൽ ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുവാനും പുനരുപയോഗ ഊർജ്ജരംഗത്ത് സുസ്ഥിരവികസനം കൈവരിക്കാനും സാധിക്കുകയുള്ളൂ. അതിനാൽ നിലവിലെ നെറ്റ് മീറ്ററിംഗ് |

സംവിധാനത്തിൽ മാറ്റം വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. അല്ലാത്തപക്ഷം വൈദ്യുതിയുടെ വില സോളാർ ഇതര ഉപഭോക്താക്കൾക്ക് കുതിച്ചുയരുന്നതിനും വൈദ്യുതി ശൃംഖലയുടെ സുരക്ഷിതത്വവും സന്തുലനാവസ്ഥയും നഷ്ടപ്പെടുന്നതിന് കാരണമാവുകയും ചെയ്യും. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും ഇത്തരത്തിലുള്ള കാലാനുസൃതമായ മാറ്റങ്ങൾ പുനരുപയോഗ ഊർജ്ജ രംഗത്ത് നടത്തിയിട്ടുണ്ട്. ഇത്തരംസാഹചര്യം കണക്കിലെടുത്താണ് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ കരട് ചട്ടം പുറപ്പെടുവിച്ചത്. കൂടാതെ കരട് ചട്ടം പുറപ്പെടുവിക്കുന്നതിന് മുന്നോടിയായി ഇതുമായി ബന്ധപ്പെട്ട് വിവിധ സ്റ്റേക്ക് ഹോൾഡേഴ്സുമായി (Stakeholders) സമഗ്രമായി ചർച്ച നടത്തി റിപ്പോർട്ട് (Discussion paper) പുറപ്പെടുവിച്ചാണ് കരട് റെഗുലേഷനിലേക്ക് കമ്മീഷൻ എത്തപ്പെട്ടത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര അപേക്ഷകർ പുരപ്പുറ സോളാർ/സൂര്യ ഘർ പദ്ധതിക്കായി അപേക്ഷ നൽകിയിട്ടുണ്ട്; അതിൽ എത്ര പേർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

(ഡി)

| Sl. No. | ജില്ല | അപേക്ഷകർ | നടപ്പിലാക്കിയവർ |
|---|---|---|---|
| 1 | തിരുവനന്തപുരം | 35127 | 22234 |
| 2 | കൊല്ലം | 24268 | 15059 |
| 3 | പത്തനംതിട്ട | 11783 | 7656 |
| 4 | ആലപ്പുഴ | 24685 | 15207 |
| 5 | കോട്ടയം | 21170 | 12880 |
| 6 | ഇടുക്കി | 4075 | 2055 |
| 7 | എറണാകുളം | 59009 | 39120 |
| 8 | തൃശ്ശൂർ | 42661 | 28372 |
| 9 | പാലക്കാട് | 23693 | 13404 |
| 10 | മലപ്പുറം | 28697 | 16829 |
| 11 | കോഴിക്കോട് | 25575 | 14352 |
| 12 | വയനാട് | 2564 | 968 |
| 13 | കണ്ണൂർ | 24485 | 15782 |
| 14 | കാസർഗോഡ് | 10234 | 6056 |
| | | **3,38,026** | **2,09,974** |

സെക്ഷൻ ഓഫീസർ